# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെന്മാറ ബ്ലോക്ക്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ കെ.എസ്.എ-പികെഡി8-338/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പാലക്കാട് ജില്ലാ കാര്യാലയം,
ഫോൺ:0491 520145.
ഇമെയിൽ : dopkd.ksad@kerala.gov.in.
തീയതി:10.04.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെന്മാറ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :നെന്മാറ ബ്ലോക്ക് പഞ്ചായത്ത് പഞ്ചായത്ത് - 2015- 16 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
3. അസി.ഡവലപ്പ് മെന്റ് കമ്മീഷണർ (ജനറൽ), പാലക്കാട്

4. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി8-338/2017 തീയതി:10.04.2017.

# പാലക്കാട് ജില്ലയിലെ നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പാലക്കാട് ജില്ലയിലെ നെന്മാറ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 12.12.2015 മുതൽ 3.02.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.കൃഷ്ണകുമാർ,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.02.2017 മുതൽ 10.02.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കെ.വി.അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ |
| | കെ.ജി.റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | എസ്.എച്ച്.ഷർഫുദ്ദീൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

**ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. പി.ഗീത | 01.04.2015മുതൽ 18.11.2015 വരെ |
| | ശ്രീ. പി.വി.രാമകൃഷ്ണൻ | 19.11.2015മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. സി.പി.അനന്തൻ | 01.04.15മുതൽ 04.08.15 വരെ |
| | ശ്രീ. പി.ജി. കണ്ണൻ നായർ | 06.08.2015 മുതൽ 06.02.2016 വരെ |
| | ശ്രീ. എസ്.മണികണ്ഠൻ, JBDO (സെക്രട്ടറി ഇൻചാർജ്ജ്) | 05.08.15, 07.02.2016 മുതൽ 14.02.2016 വരെ |
| | ശ്രീമതി. എം.ജി. രാജലക്ഷ്മി | 15.02.2016 മുതൽ 31.03.2016 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ. ടി. വിജയകുമാർ | 01.04.2015 മുതൽ 07.07.2015 വരെ |
| | ശ്രീമതി. രുഗ്മണി.ആർ, (കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഇൻചാർജ്ജ്) | 08.07.2015 മുതൽ 31.08.2015 വരെ |
| | ശ്രീ. മുരുകഭൂപതി.എ | 01.09.2015 മുതൽ 06.12.2015 വരെ |
| | ശ്രീ.സിനീഷ്.എം.എസ് (കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഇൻചാർജ്ജ്) | 07.12.2015 മുതൽ 19.01.2016 വരെ |
| | ശ്രീമതി. അനിത.വി.എ, (കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഇൻചാർജ്ജ്) | 20.01.2016 മുതൽ 31.03.2016 വരെ |
| സി.ഡി.പി.ഒ | ശ്രീ. എം.ബേബിജാൻ | 01.04.2015 മുതൽ 31.03.2016 വരെ |
| സൂപ്രണ്ട്, സി.എച്ച്.സി | ഡോ.ലീനകുമാരി | 01.04.2015മുതൽ 27.11.2015 വരെ |
| | ഡോ.ജോബിൻ ജോസ്, (സൂപ്രണ്ട് ഇൻചാർജ്ജ്) | 28.11.2015 മുതൽ 31.03.2016 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.സുധീർ ബാബു | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. കെ.പ്രദീപ് കുമാർ | 01.04.2015 മുതൽ 22.06.2015 വരെ |
| | ശ്രീ. സി.ബി. മനോജ്കുമാർ | 23.06.2015 മുതൽ 31.03.2016 വരെ |
| എസ്.സി.ഡി.ഒ | ശ്രീ. പി.പ്രദീപ് | 01.4.2015 മുതൽ 07.06.2015 വരെ |
| | ശ്രീ. ചക്രാധർ.ആർ | 08.06.2015 മുതൽ 31.03.2016 വരെ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് 27-03-2015 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 30-07-2016 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34720828 |
| വരവ് | 157304255 |
| ആകെ | 192025083 |
| ചെലവ് | 153810850 |
| നീക്കിയിരിപ്പ് | 38214233 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | RP40(b) പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6862061 | 37735877 | 44597938 | 44597938 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 669600 | 15577702 | 16247302 | 16247302 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 312000 | 312000 | 312000 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2488578 | 3010961 | 5499539 | 5499539 | 0 | 0 |
| IAY [Dt, Bl, Gr Pt, State Share] | 17417433 | 14315210 | 31732643 | 6739724 | 0 | 24992919 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 130 | 164649621 | 112 | 66679303 | 7 | 11 | 86.15% |

# 1-6 ആഭ്യന്തരനിയന്ത്രണം.

രേഖകളും രജിസ്റ്ററുകളും കൃത്യമായി പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ പ്രകാരം അനുവദിക്കപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ആയതിനാൽ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണ്.

# 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-10-2016 | 2015-16 | 03-02-3017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-12-2014 | 2009-10 മുതൽ 2013-14 വരെ | 10-03-2015 |

## ഭാഗം -2
## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 ഇ-ടെൻഡർ വർക്കുകളുടെ ടെൻഡർ ഫോം ഇനത്തിൽ ഈടാക്കിയ തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല

2015-16 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ നടത്തിയ വകയിൽ 41 വർക്കുകൾക്കായി ഈടാക്കിയ ടെണ്ടർ ഫോം തുകയായ 53800 രൂപ നിലവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ആയത് നാളിതുവരെയും ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. തുക ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന് അവകാശപ്പെട്ടതായതിനാൽ 53,800 രൂപ നെമ്മാറ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമക്കാൻ കാലതാമസം വന്നതിന് പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്തു വകുപ്പ് മാന്വൽ ജി.ഒ(പി)13/2012/PWD/1.2.2012 സെക്ഷൻ 2009.6 അനുസരിച്ച് ടെന്റർ സ്വീകരിച്ചതിനുശേഷം 7 ദിവസത്തിനകം ടെന്റർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. ഭരണസമിതി ടെന്റർ അംഗീകരിച്ചതിനുശേഷം 14 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PAC യുടെ 1% തുക (മിനിമം 1000 രൂപ) പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾക്കുവേണ്ടി കരാറുടമ്പടി വെക്കാൻ കാലതാമസം വന്നതിന് കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക **80734** രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. വിശദവിവരങ്ങൾ **അനുബന്ധം-1** ആയി ചേർത്തിട്ടുണ്ട്.

## 3-2 ഭൂജല സർവ്വേഫലം അവഗണിച്ചുകൊണ്ട് കുഴൽകിണർ കുഴിച്ചത് അന്വേഷണവിധേയമാക്കേണ്ടതാണ്

പ്രവൃത്തിയുടെ പേര് : എടപ്പാടം കിഴക്കേമുറി കുടിവെള്ളപദ്ധതി- അയിലൂർ

പ്രൊജക്റ്റ് നം : 91/16

അടങ്കൽ : 700000

പി.എ.സി : 698445

ചെലവ് : 285929

ബിൽ നം : 94/15-16/31.3.2016

കരാറുകാരൻ : അബ്ദുൾ ഖാദർ

എം.ബുക്ക് നം. : 84/15-16

ജലലഭ്യത താരതമ്യേന കുറവായിരിക്കുമെന്ന് ഭൂജല വകുപ്പിന്റെ അറിയിപ്പ് ഉണ്ടായിട്ടും പ്രസ്തുത സ്ഥലത്ത് കുഴൽകിണർ കുഴിക്കുകയും ജലലഭ്യത ഇല്ലാത്തതിനെ തുടർന്ന് മറ്റൊരു സ്ഥലത്ത് വീണ്ടും കുഴിക്കേണ്ടി വരുകയും ചെയ്തതിനാൽ പദ്ധഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

മേൽ എം.ബുക്ക് ഇനം 1 പ്രകാരം രണ്ടു സ്ഥലങ്ങൾ ഭൂജല സർവ്വേ നടത്തിയതിന് ആകെ 3500 രൂപ നല്കിയിട്ടുണ്ട്. 13.1.2016നും 10.3.2016നുമാണ് തുക നൽകിയത്. 13.1.2016 ലെ 699228 രശീതി പ്രകാരം 1750 രൂപ ഭൂജല വകുപ്പിൽ ഒടുക്കിയിട്ടുള്ളതിനാൽ കുഴൽകിണറിനുള്ള സ്ഥാനം പെഗ് മാർക്ക് ചെയ്യുകയും പ്രസ്തുത കത്തിൽ ജലലഭ്യത താരതമ്യേന കുറവായിരിക്കുമെന്ന് കുറിപ്പായി ചേർത്ത് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ജലലഭ്യത കുറവായിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ ജലലഭ്യതയുള്ള സ്ഥലം കണ്ടെത്തുന്നതിനുപകരം ഈ

സ്ഥലത്തുതന്നെ കുഴൽകിണർ 167.60 മീറ്റർ ആഴത്തിൽ കുഴിക്കുകയും ജലലഭ്യത ഇല്ലാത്തതിനാൽ ഇവ ഉപേക്ഷിച്ച് അടുത്ത സ്ഥാനം പെഗ് മാർക്ക് ചെയ്യുന്നതിനായി 10.3.2016ലെ രശീതി നം. 699550 പ്രകാരം 1750 രൂപ ഒടുക്കുകയും ചെയ്തിട്ടുണ്ട്.ഇതിന്റെ അടിസ്ഥാനത്തിൽ കുഴൽകിണറിനുള്ള സ്ഥാനം ആദ്യ സ്ഥാനത്തിൽ നിന്നും 200 മീറ്റർ മാറി പെഗ് മാർക്ക് ചെയ്യുകയും ആ സ്ഥലത്തു 105 മീറ്റർ ആഴത്തിൽകുഴൽകിണർ കുഴിക്കുകയും ജലലഭ്യത ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവയും പ്രയോജനപ്പെടുത്താൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. ( ചിത്രം കാണുക)





പദ്ധതിയുടെ നിജസ്ഥിതി വിലയിരുത്തുന്നതിനായി 9.2.2017 ൽ 3 pm ന് അയിലൂർ ഗ്രാമ പഞ്ചായത്ത് ഓവർസീയറുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ, കുഴൽകിണർ കുഴിക്കുകയും മോട്ടോർ സ്ഥാപിക്കുകയും ചെയ്തതല്ലാതെ പൈപ്പ് ലൈൻ സ്ഥാപിക്കുക, പാനൽ ബോർഡ് സ്ഥാപിക്കുക, വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക എന്നീ പ്രവൃത്തികൾ ചെയ്തിട്ടില്ലാത്തതിനാൽ, അവ ഇനിയും പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്ന് ബോധ്യമായി.

ജലലഭ്യത താരതമ്യേന കുറവായിരിക്കുമെന്ന് കുറിപ്പായി ചേർത്തിട്ടുള്ളത് അവഗണിച്ചുകൊണ്ട് പദ്ധതി നടപ്പാക്കാൻ ശ്രമിക്കുകയും 100560 (167.60 x 600) രൂപ പാഴ്ചെലവിന് കാരണമാകുകയും ചെയ്തതിട്ടുണ്ട്. ഇപ്രകാരം ജലലഭ്യത കുറവാണെന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് കിണർ കുഴിക്കാൻ ഇടയായ സാഹചര്യം അന്വേഷണവിധേയമാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക 100560 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-3 വ്യക്തമായ കാരണമില്ലാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയ നടപടി ക്രമപ്രകാരമല്ല

പ്രവൃത്തിയുടെ പേര് : കിഴക്കേമൂല റോഡ് റീട്ടെയിനിങ് വാൾ-അയിലൂർ

പ്രൊജക്റ്റ് നം : 92/15, 44/16

അടങ്കൽ : 600000

പി.എ.സി : 600000

ചെലവ് : 598560

ബിൽ നം : 5/15-16/ 22.8.2015

കരാറുകാരൻ : വേലുക്കുട്ടി

എം.ബുക്ക് നം. : 79/14-15

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി : 28.11.2014

പൂർത്തീകരിക്കേണ്ട തീയതി : 31.3.2015

പൂർത്തീകരിച്ച തീയതി : 9.5.2015

മേൽ പ്രോജക്റ്റ് പ്രകാരമുള്ള പ്രവൃത്തി കനാൽ ബണ്ടിന്റെ സൈഡ് സംരക്ഷണമാണെന്നും കനാലിൽ മാർച്ച് മാസം വരെ വെള്ളം ഉള്ളതിനാൽ പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞിട്ടില്ലെന്നും ആയതുകൊണ്ട് പൂർത്തീകരണ സമയം ദീഘിപ്പിച്ച നൽകണമെന്നും കരാറുകാരൻ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരണ സമയം 31.5.2015 വരെ ദീഘിപ്പിച്ച നൽകയിട്ടുണ്ട്. എം.ബുക്ക് പ്രകാരം പ്രവൃത്തി ആരംഭിച്ചിട്ടുള്ളത് 9.4.2015നം പൂർത്തീകരിച്ചിട്ടുള്ളത് 21.5.2015 നമാണ്. എന്നാൽ പദ്ധതിയുടെ നിജസ്ഥിതി വിലയിരുത്തുന്നതിനായി 9.2.2017 ൽ 3 pm ന് അയിലൂർ ഗ്രാമ പഞ്ചായത്ത് ഓവർസീയറുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനാവേളയിൽ പദ്ധതി പ്രദേശം കനാലിനോടുചേർന്ന റോഡിന്റെ മറുഭാഗമാണെന്നും മാത്രമല്ല കനാലിലൂടെയുള്ള ഒഴുക്ക് പ്രവൃത്തിയ്ക്ക് തടസ്സമാകുന്നില്ലെന്നും ബോധ്യമായി (ചിത്രം കാണുക). ഇക്കാര്യം പ്രദേശവാസികൾ സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്.



ആയതിനാൽ പിഴയീടാക്കാതെ പൂർത്തീകരണ സമയം ദീഘിപ്പിച്ച നൽകിയ നടപടി ക്രമപ്രകാരമല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വളരെ അപകടകരമായ നിലയിൽ റോഡിനോട് ചേർന്ന് വെള്ളം ഒഴുകിപ്പോകുന്നതിനുവേണ്ടി താഴ്ച രൂപപ്പെടുത്തിയിട്ടുണ്ട്. ഒരുതരത്തിലും വെള്ളം ഈ ഭാഗത്തിലൂടെ ഒഴുകിപ്പോകേണ്ട സാഹചര്യം ഉണ്ടാകുന്നില്ലെന്നും താഴ്ച നിലനിർത്തുന്ന വിധത്തിൽ ഇവയുടെ ഇരുഭാഗങ്ങളും കെട്ടി സംരക്ഷിച്ചിട്ടുള്ളത് അപകട ഭീഷണി സൃഷ്ടിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും പ്രദേശവാസികൾ അറിയിച്ചു. അപാകത പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-4 കുടിവെള്ളപദ്ധതികളുടെ പഴയ മോട്ടോറുകൾ തിരികെ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല

**1. പ്രവൃത്തിയുടെ പേര് : ഒലിപ്പാറ കുടിവെള്ളപദ്ധതി പൂർത്തീകരണം- അയിലൂർ**

പ്രൊജക്റ്റ് നം : 112/16

അടങ്കൽ : 300000

ചെലവ് : 259653

ബിൽ നം : 75/15-16/28.3.2016

കരാറുകാരൻ : നാസർ.എം

എം.ബുക്ക് നം. : 35/15-16

നിലവിലുള്ള കുടിവെള്ളപദ്ധതിയിലെ 3 HP മോട്ടോർ പമ്പിങ്ങിന് മതിയാകാതെ വന്നതിനെ തുടർന്ന് 7.5 HP സബ്മേഴ്സിബിൾ മോട്ടോർ പകരം സ്ഥാപിക്കുന്നതിനും 360m പിവിസി പൈപ്പും 61m ജി.ഐ പൈപ്പും സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പദ്ധതിയുടെ നിജസ്ഥിതി വിലയിരുത്തുന്നതിനായി 9.2.2017 ൽ 3 pm ന് അയിലൂർ ഗ്രാമ പഞ്ചായത്ത് ഓവർസീയറുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനാവേളയിൽ പ്രസ്തുത പദ്ധതി ഗുണഭോക്തൃസമിതി ഏറ്റെടുത്തു നടത്തുന്ന പദ്ധതിയാണെന്നും റിപ്പയർ പ്രവൃത്തിയ്ക്ക് കൂടുതൽ തുക ആവശ്യമായതിനാലാണ് ചെലവ് സമിതി ഏറ്റെടുക്കാതിരുന്നതെന്നും നീക്കം ചെയ്ത 3HP മോട്ടോർ സമിതിയുടെ കൈവശമാണെന്നും സമിതി സെക്രട്ടറി അറിയിച്ചു.

**2. പ്രവൃത്തിയുടെ പേര് : കവറക്കുളമ്പ് കുടിവെള്ളപദ്ധതി - വണ്ടാഴി**

പ്രൊജക്റ്റ് നം : 78/16

അടങ്കൽ : 300000

ചെലവ് : 299760

ബിൽ നം : 42/15-16/27.1.2016

കരാറുകാരൻ : ഫ്രാങ്ക്ളിൻ ജോസ്

എം.ബുക്ക് നം. : 14/15-16

മേൽ പ്രവൃത്തിയ്ക്കായി പഴയമോട്ടോർ മാറ്റി പകരം 7.5 HP സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്. നീക്കം ചെയ്തത മോട്ടോർ സമിതിയുടെ കൈവശമാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നീക്കം ചെയ്ത പഴയമോട്ടോറുകൾ ഗുണഭോക്തൃ സമിതികളിൽ നിന്നും തിരികെ അതാതു പഞ്ചായത്തുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-5 എക്സ് റേ മെഷീൻ വാങ്ങിയത് നാളിതുവരെയും ഉപയോഗപ്രദമാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ - സൂപ്രണ്ട്, നെന്മാറ സി.എച്ച്.സി

പ്രോജക്റ്റ് നമ്പരും, പേരും - 102/2016, ആരോഗ്യ സ്ഥാപനങ്ങളിലേക്ക്

ഉപകരണങ്ങൾ വാങ്ങൽ - എക്സ് റേ മെഷീൻ വാങ്ങൽ

അടങ്കൽ - 10,00,000

ചെലവ് - 798569 (ബിൽ നം. 24/16/31.03.2016)

മേൽ പ്രോജക്റ്റ് പ്രകാരം നെമ്മാറ സി.എച്ച്.സിയിലേക്ക് എക്സ് റേ മെഷീൻ ALLENGERS MEDICAL SYSTEMS LTD, Bhankarpur, Mohali Dist., Panjab എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എക്സ് റേ 13.04.2016 ന് സി.എച്ച്.സിയിൽ എത്തിയിട്ടും നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. ഉപയോഗപ്രദമാക്കാത്ത എക്സ് റേ മെഷീന്റെ ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.







ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.8/09-02-2017) മുഖേന വിശദീകരണം ആവശ്യപ്പെട്ടതിന് നിലവിലുള്ള എക്സ് റേ മെഷീൻ 300MA യും, പുതിയതായി വാങ്ങിയത് നൂതന സാങ്കേതിക സംവിധാനമുള്ള മെഷീൻ 400MA ആണെന്നും ആയതിന് ആവശ്യമായ ഇലക്ട്രിഫിക്കേഷൻ സൗകര്യം സി.എച്ച്.സിയിൽ നിലവില്ലാത്തതിനാൽ പുതിയ ഇലക്ട്രിഫിക്കേഷൻ നടത്തണമെന്നും ആയത് നടത്തുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭിച്ചത്. ആയതിനാൽ എക്സ് റേ മെഷീൻ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ ഭരണസമിതി നിരീക്ഷണവിധേയമാക്കേണ്ടതും, മെഷീൻ ഉപയോഗപ്രദമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-6 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ - 30680 രൂപ നഷ്ടം

നിർവ്വഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പ്രോജക്റ്റ് നമ്പരും, പേരും - 84/2016, പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

അടങ്കൽ - 17,90,300

ചെലവ് - 17,77,760 (ബിൽ നം. 1/2015-16/19.10.2015)

മേൽ പ്രോജക്റ്റ് പ്രകാരം നെന്മാറ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 12 സ്കൂളുകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പത്താം ക്ലാസിൽ പഠിക്കുന്ന 470 വിദ്യാർത്ഥികൾക്ക് (234 Boys & 236 Girls) സൈക്കിൾ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ടെണ്ടർ അംഗീകരിച്ചതിൽ അപാകതകളുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ക്വാട്ട് ചെയ്ത നിരക്ക് ( Hero cycle for boys) | ക്വാട്ട് ചെയ്ത നിരക്ക് (Hero cycle for girls) |
|---|---|---|---|
| 1 | പോപ്പുലർ സൈക്കിൾ മാർട്ട്, പാലക്കാട് | 3850 | 3900 |
| 2 | സഫാരി സൈക്കിൾസ്, ഡൗൺ ഹിൽ, മലപ്പുറം | 3775 | 3790 |
| 3 | മനോജ് സൈക്കിൾ എംപോറിയം, പെരുമാനൂർ, തേവര ജംഗ്ഷൻ, കൊച്ചി | 3925 | 3660 |
| 4 | കെ.എൻ.(ഇൻഡ്യാ) ട്രെയിഡിംഗ് കമ്പനി, ചെമ്മൻകടവ്, കൊട്ടൂർ, മലപ്പുറം | 3900 | 3950 |

സഫാരി സൈക്കിൾസ്, ഡൗൺ ഹിൽ, മലപ്പുറം എന്ന സ്ഥാപത്തിൽ നിന്നാണ് 470 (234+236) സൈക്കിളുകൾ വാങ്ങി വിതരണം ചെയ്തിരിക്കുന്നത്. മേൽ പറഞ്ഞ പട്ടിക പ്രകാരം പെൺകുട്ടികൾക്കുള്ള സൈക്കിളിന് ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയതിരിക്കുന്നത് (3660 രൂപ) മനോജ് സൈക്കിൾ എംപോറിയം, പെരുമാനൂർ, തേവര ജംഗ്ഷൻ, കൊച്ചി എന്ന സ്ഥാപനമാണ്. എന്നാൽ സഫാരി സൈക്കിൾസ്, ഡൗൺഹിൽ, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്ന് പെൺകുട്ടികൾക്കുള്ള സൈക്കിൾ വാങ്ങിയത് മനോജ് സൈക്കിൾ എംപോറിയം ക്വാട്ട് ചെയ്ത നിരക്കിനേക്കാളും 130 (3790-3660) രൂപ അധികരിച്ച നിരക്കിലാണ്. ആയതിനാൽ സഫാരി സൈക്കിൾസ്, ഡൗൺ ഹിൽ, മലപ്പുറം എന്ന സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്ത് പെൺകുട്ടികൾക്കുള്ള സൈക്കിൾ 3660 രൂപ നിരക്കിൽ ലഭ്യമാക്കാൻ ആവശ്യപ്പെടുകയോ ആയതിന് തയ്യാറല്ലെങ്കിൽ കുറവ് നിരക്ക് ക്വാട്ട് ചെയ്ത മനോജ് സൈക്കിൾ എംപോറിയം എന്ന സ്ഥാപനത്തിൽ നിന്ന് പെൺകുട്ടികൾക്കുള്ള സൈക്കിൾ 3660 രൂപ നിരക്കിൽ വാങ്ങുകയോ ചെയ്യാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് **30680** രൂപ (130*236) നഷ്ടമുണ്ടായിട്ടുണ്ട്. ഈ തുക പദ്ധതി നിർവ്വഹണം നടത്തിയ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.09/09-02-2017) മുഖേന വിശദീകരണം ആവശ്യപ്പെട്ടെങ്കിലും നിലവിലുള്ള പട്ടികജാതി വികസന ഓഫീസർ പദ്ധതി നിർവ്വഹണം നടത്തിയ ഓഫീസറിൽ നിന്നും വിശദീകരണം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

# 3-7 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സാമൂഹ്യ സുരക്ഷ മിഷനും നൽകിയ പദ്ധതി തുക സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | ചെലവ് തുക | ബിൽ/ ഡി.ഡി നം.& തീയതി | നിർവ്വഹണോദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 1 | ആശ്രയ പദ്ധതിക്ക് തുക കൈമാറൽ (നെമ്മാറ, അയിലൂർ, മേലാർകോട്, എലവഞ്ചേരി ) | 62/16 | 262500 | 798139/ 29.03.16 | സെക്രട്ടറി | സെക്രട്ടറി, അയിലൂർ, ഗ്രാമ പഞ്ചായത്ത് |
| | | | 350000 | 798137/ 29.03.16 | | സെക്രട്ടറി, മേലാർകോട് ഗ്രാമ പഞ്ചായത്ത് |
| | | | 437500 | 798138/ 29.03.16 | | സെക്രട്ടറി, എലവഞ്ചേരി ഗ്രാമ പഞ്ചായത്ത് |
| | | | ആകെ- 1050000 | | | |
| 2 | വിഷൻ 2016 (സാമൂഹ്യ സുരക്ഷാ മിഷൻ)- ബ്ലോക്ക് വിഹിതം | 140/16 | 846441 | 798047/02-02-16 | സെക്രട്ടറി | എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹ്യ സുരക്ഷ മിഷൻ, തിരുവനന്തപുരം |
| 3 | പാലിയേറ്റീവ് കെയർ- തുക കൈമാറൽ (പല്ലശ്ശന, വണ്ടാഴി) | 61/16 | 500000 | 798046/02-02-16 | സെക്രട്ടറി | സെക്രട്ടറി, പല്ലശ്ശന, ഗ്രാമ പഞ്ചായത്ത് |
| | | | 500000 | 798136/29-03-16 | | സെക്രട്ടറി, വണ്ടാഴി, ഗ്രാമ പഞ്ചായത്ത് |
| | | | ആകെ- 1000000 | | | |
| 4 | ആന്റീറാബീസ് (എ.ബി.സി)- ബ്ലോക്ക് വിഹിതം | 139/16 | 500000 | 728045/02-02-16 | സെക്രട്ടറി | സെക്രട്ടറി, പാലാക്കാട് ജില്ലാ പഞ്ചായത്ത് |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-8 ഐ.എ.വൈ ഭവന പദ്ധതി- ഭവന നിർമ്മാണം നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല

ഗ്രാമീണ മേഖലയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കും മറ്റ് ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും സൗജന്യമായി വീടുകൾ നിർമ്മിച്ചു നൽകിക്കൊണ്ട് അവരുടെ പാർപ്പിട പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക എന്നതാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിര ആവാസ് യോജനയുടെ ലക്ഷ്യം. നെമ്മാറ ബ്ലോക്ക് പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷത്തെ ഐ.എ.വൈ ഭവന പദ്ധതി പ്രകാരം ജനറൽ, എസ്.സി, എസ്.ടി, ന്യൂനപക്ഷം എന്നീ വിഭാഗത്തിൽപ്പെട്ട 443 ഗുണഭോക്താക്കൾ കരാർ ചമച്ച് ഭവന നിർമ്മാണം തുടങ്ങിയതിൽ 39 ഗുണഭോക്താക്കൾ മാത്രമാണ് പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയത്. ബാക്കിയുള്ള 404 ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | കരാർ ചമച്ച് ഭവന നിർമ്മാണം ആരംഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയവരുടെ എണ്ണം | പണി പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| ജനറൽ | 105 | 38 | 67 |
| എസ്.സി | 261 | 0 | 261 |
| എസ്.ടി | 6 | 1 | 5 |
| ന്യൂനപക്ഷം | 71 | 0 | 71 |
| **ആകെ** | **443** | **39** | **404** |

ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-9 തനത് ഫണ്ട് മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്

താഴെപ്പറയുന്ന തുകകൾ തനത് ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിച്ചിട്ടുണ്ട്. ആയത് റീഫണ്ട് ചെയ്തിട്ടില്ല. ടി തുകകൾ അതത് ഫണ്ടുകളിൽ നിന്നും തിരികെ ലഭ്യമാക്കി ക്രമീകരിക്കേണ്ടതാണ്.

| ക്രമ നം. | നല്കിയത് | തുക | ചെക്ക്നം/ വൌച്ചർ നം. |
|---|---|---|---|
| 1 | എം.കെ.എസ് പി- പരിശീലനം | 2920/- | 2824454/16.4.15 |
| 2 | എം.കെ.എസ്.പി (ഗ്രേഡിംഗ് മീറ്റിംഗ്) | 4515/- | 0253332/ 16.7.15 |
| 3 | എൻ ആർ ഇ ജി എസ്സ് | 3203/- | 2824462/ 28.4.2015 |

തനത് ഫണ്ടിൽ നിന്നുള്ള മുൻകൂറുകൾക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

# 3-10 മലയോര വികസന ഏജൻസി -പഴം പച്ചക്കറി വികസനം പ്രോജക്റ്റ് പൂർത്തീകരിച്ചിട്ടില്ല

മലയോര വികസന പരിപാടിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട പ്രദേശങ്ങളിൽ 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പ്രോജക്റ്റ് നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. പാലക്കാട് പ്രിൻസിപ്പൽ കൃഷിഓഫീസറിൽ നിന്നും ടി എ നം.(5)15701/13dated.30.01.2014 ആയി സാങ്കേതിക അനുമതി ലഭ്യമായത് താഴെപ്പറയും പ്രകാരമായിരുന്നു.

| നം. | ഇനം | എണ്ണം | തുക | ആകെ |
|---|---|---|---|---|
| 1 | പഴം പച്ചക്കറി നേഴ്സറി തുടങ്ങുന്നതിന് | 1 | 500000/- | 500000/- |
| 2 | മഴ മറ നിർമ്മാണം | 30 | 10000 | 300000/- |
| 3 | റിവോൾവിംഗ് ഫണ്ട് | 1 | 500000/- | 500000/- |
| 4 | പഴം,പച്ചക്കറി മാർക്കറ്റ് | 1 | 460000/- | 460000/- |
| 5 | പച്ചക്കറി വിത്തുകളും തൈകളും | 24000 | 30 | 720000/- |
| 6 | ഫലവർഗ്ഗ തൈകൾ 50% സബ്സിഡി നിരക്കിൽ | 600 | 200 | 120000/- |
|  | ആകെ |  |  | 2600000/- |

പ്രോജക്റ്റ് നിർവ്വഹണം നടത്തിയതിൽ യഥാക്രമം പച്ചക്കറി തൈകൾ 720000/-രൂപ, ഫലവൃക്ഷത്തൈകൾ 58648/-രൂപ ചെലവഴിച്ച് വാങ്ങുകയും 2 മഴമറയുടെ നിർമ്മാണത്തിനായി 20000/-രൂപ ചെലവഴിക്കുകയും മാത്രമാണ് ചെയ്തിരിക്കുന്നത്. പദ്ധതിയുടെ പൂർത്തീകരണത്തിനായി വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ അവശേഷിക്കുമ്പോൾ അവയെ അവഗണിച്ചുകൊണ്ട് ഭരണ സമിതിയുടെ 29.2.2016 ലെ തീരുമാനപ്രകാരം അവശേഷിക്കുന്ന തുക മുഴവനായും (1801352/-രൂപ) ബ്ലോക്ക് പഞ്ചായത്തിനോട് ചേർന്ന് ഒരു പഴം പച്ചക്കറി സംഭരണ വിപണന കേന്ദ്രം നിർമ്മാണത്തിനായി ചെലവഴിക്കാനാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ആയതിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു. ഉല്പ്പാദന മേഖലയിൽ വകയിരുത്തിയ തുക ചെലവഴിക്കാതെ പദ്ധതി അടങ്കലിന്റെ സിംഹഭാഗവും നിർമ്മാണ പ്രവർത്തനത്തിനായി ഉപയോഗിക്കുന്നത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം പ്രോജക്റ്റുകൾ ഉദ്ദേശിച്ച രീതിയിൽ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-11 അംഗപരിമിതർക്ക് സ്കോളർഷിപ്പ്- നടത്തിപ്പിലെ അപാകതകൾ

പ്രോജക്ടിന്റെ നമ്പരും, പേരും- 95/16, അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ- 850000

ചെലവ് - 850000 (ബിൽ നം.01/2015-16, തീയതി.11.02.2016)

നിർവ്വഹണം - സി.ഡി.പി.ഒ

നെന്മാറ ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ അംഗപരിമിതരും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുമായ വിദ്യാർത്ഥികൾക്ക് 2015-16 ലെ പദ്ധതിയിലുൾപ്പെടുത്തി സ്കോളർഷിപ്പ് നല്കിയിട്ടുണ്ട്. ഈ പ്രോജക്റ്റിന്റെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

1. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)നം.362/2013/തസ്വഭവ, തീയതി.16.11.2013 പ്രകാരം മേൽ പറഞ്ഞ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത് ഗ്രാമ പഞ്ചായത്തുകളാണ് എന്നാൽ ഈ പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയത് ക്രമപ്രകാരമല്ല.
2. ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ടോ എന്ന് നിർവ്വഹണഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല.

3. 35%അംഗവൈകല്യം മാത്രമുള്ള (മൈൽഡ്) ഒരു ഗുണഭോക്താവിന് സാമ്പത്തികസഹായം നല്കിയിട്ടുണ്ട്.

4. ഗ്രാമ പഞ്ചായത്തുകളിലെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റുകളുടെ നിർവ്വഹണത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-12 വില്പ്പന നികുതി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടല്ല

ബി ആർ ജിഎഫ് ഫണ്ട് ഉപയോഗിച്ച് ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം നടത്തിയ വകയിൽ കോസ്റ്റ് ഫോർഡിന് ഫൈനൽ ബില്ല് പ്രകാരമുള്ള തുക അനുവദിച്ച് നല്കിയിട്ടുണ്ട്. മൂല്യവർദ്ധിത നികുതി അടക്കമുള്ള തുകയാണ് കോസ്റ്റ്ഫോർഡിന് അനുവദിച്ച് നല്കിയിട്ടുണ്ട്. ആയത് ക്രമപ്രകാരമല്ല. KVAT Act പ്രകാരം കോൺട്രാക്ടറെപ്പോലെയാണ് അക്രഡിറ്റഡ് ഏജൻസികളായ നിർമ്മിതി കേന്ദ്ര,കോസ്റ്റ് ഫോർഡ് എന്നീ സ്ഥാപനങ്ങൾ. കോൺട്രാക്ടർ സ്വയം നികുതി അടവാക്കുകയാണെങ്കിൽ വില്പ്പന നികുതി വകുപ്പിൽ നിന്നും ഫോറം നമ്പർ "20ബി"യിലുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. (സർക്കുലർ നമ്പർ15179/DPI/06 LSGD 30.1.07കാണുക.) സർക്കാരിലേക്കുള്ള നികുതികൾ അടവാക്കേണ്ടത് അവാർഡുടെ ബാദ്ധ്യതയാണ്.വില്പ്പന നികുതി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കാത്തപക്ഷം തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പ്രസ്തുത ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഫൈനൽ ബിൽ നല്കിയതിന്റെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

ചെക്ക് നം/തീയ്യതി – 678935/20-5-15

തുക (ഫൈനൽ ബിൽ) – 398850/-

ആകെ പ്രവർത്തി മൂല്യം – 1765000/-

സർവീസ്ചാർജ്ജ് *( 8%)- 141200/-

സർവീസ് ചാർജ്ജ് *(12.36%) -17452.32

വാറ്റ് (3%) 52950/-

ക്ഷേമനിധി – 17650/-

ആകെ – 1994252/-

ഇതുവരെ നല്കിയ തുക – 1595402/-

ബാക്കി – 398850/-

(*എഗ്രിമെന്റ് പ്രകാരം)

വിൽപ്പന നികുതി വകുപ്പിൽ നിന്നും മേൽപറഞ്ഞ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം VAT തുക 52950 രൂപ കോസ്റ്റ് ഫോർഡിൽ നിന്നും ഈടാക്കി സംസ്ഥാന സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| അയിലൂർ ഗ്രാമ പഞ്ചായത്ത് | 2015-16 | 880000 | ഐ.എ.വൈ ഭവന പദ്ധതി (എസ്.സി) | 2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും, ജില്ലാ പഞ്ചായത്തിൽ നിന്നും ഐ.എ.വൈ ഭവന പദ്ധതി വിഹിതമായി ലഭിച്ച തുകകൾ ഈ വർഷം തന്നെ കരാർ ചമച്ച ഗുണഭോക്താക്കൾക്കായാണ് ചെലവഴിച്ചത് എന്ന് ഇനം തിരിച്ചെടുക്കുവാൻ സാധിച്ചില്ല. | |
| അയിലൂർ ഗ്രാമ പഞ്ചായത്ത് | 2015-16 | 520000 | ഐ.എ.വൈ ഭവന പദ്ധതി (ജനറൽ) | | |
| എലവഞ്ചേരി ഗ്രാമ പഞ്ചായത്ത് | 2015-16 | 500000 | ഐ.എ.വൈ ഭവന പദ്ധതി (എസ്.സി) | | |
| എലവഞ്ചേരി ഗ്രാമ പഞ്ചായത്ത് | 2015-16 | 360000 | ഐ.എ.വൈ ഭവന പദ്ധതി (ജനറൽ) | | |
| എലവഞ്ചേരി ഗ്രാമ പഞ്ചായത്ത് | 2015-16 | 77500 | ഐ.എ.വൈ ഭവന പദ്ധതി (എസ്.ടി) | | |
| മേലാർക്കോട് ഗ്രാമ പഞ്ചായത്ത് | 2015-16 | 660000 | ഐ.എ.വൈ ഭവന പദ്ധതി (എസ്.സി) | | |
| നെമ്മാറ ഗ്രാമ പഞ്ചായത്ത് | 2015-16 | 1200000 | ഐ.എ.വൈ ഭവന പദ്ധതി (എസ്.സി) | | |
| നെമ്മാറ ഗ്രാമ പഞ്ചായത്ത് | 2015-16 | 800000 | ഐ.എ.വൈ ഭവന പദ്ധതി (ജനറൽ) | | |
| പല്ലശ്ശന ഗ്രാമ പഞ്ചായത്ത് | 2015-16 | 360000 | ഐ.എ.വൈ ഭവന പദ്ധതി (എസ്.സി) | | |
| പല്ലശ്ശന ഗ്രാമ പഞ്ചായത്ത് | 2015-16 | 840000 | ഐ.എ.വൈ ഭവന പദ്ധതി (ജനറൽ) | | |

| | | | | |
|---|---|---|---|---|
| വണ്ടാഴി ഗ്രാമ പഞ്ചായത്ത് | 2015-16 | 640000 | ഐ.എ.വൈ ഭവന പദ്ധതി (എസ്.സി) | |
| വണ്ടാഴി ഗ്രാമ പഞ്ചായത്ത് | 2015-16 | 700000 | ഐ.എ.വൈ ഭവന പദ്ധതി (ജനറൽ) | |
| ജില്ലാ പഞ്ചായത്ത് | 2015-16 | 10012335 | ഐ.എ.വൈ ഭവന പദ്ധതി (എസ്.സി) | |
| ജില്ലാ പഞ്ചായത്ത് | 2015-16 | 6769266 | ഐ.എ.വൈ ഭവന പദ്ധതി (ജനറൽ) | |
| ജില്ലാ പഞ്ചായത്ത് | 2015-16 | 316390 | ഐ.എ.വൈ ഭവന പദ്ധതി (എസ്.ടി) | |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി.നമ്പറും തീയതിയും | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | പുഴക്കൽത്തറ കുടിവെള്ള പദ്ധതി-നെമ്മാറ (Pro.No.128/16) | 904498/ 11.09.2015 | 200000 | 0 | 200000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മീൻവല്ലം ജലവൈദ്യുത പദ്ധതി-ഓഹരികൾ | 1000000 |
| ആകെ | 1000000 |

# 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഒന്നുമില്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 157304255 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 153810850 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 111414 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 100560 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 80734 (Fine) | ശ്രീ.സി.ബി.മനോജ്കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ |
| 3-6 | - | 30680 | ശ്രീ. ചക്രാധർ.ആർ. പട്ടികജാതി വികസന ഓഫീസർ |
| | ആകെ | 111414 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 100560 | ശ്രീ.സി.ബി.മനോജ്കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഒന്നുമില്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഒന്നുമില്ല**

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സി.ബി. മനോജ്കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, നെമ്മാറ ബ്ലോക്ക് പഞ്ചായത്ത് | അമ്പാടി ഹൗസ്, പൊന്നുകെട്ടിയ പാറ, കൊല്ലങ്കോട്, പാലക്കാട് ജില്ല, പിൻ-678506 |
| ശ്രീ. ചക്രാധർ.ആർ. പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, തിരൂരങ്ങാടി, മലപ്പുറം | ലക്ഷ്മി നിവാസ്, ആറാംപാടം, തത്തമംഗലം, പാലക്കാട് ജില്ല, പിൻ-678102 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP10/1121/01/31.10.01 | ഫർദർറിമാർക്സ് |
| 1997-98 | LFP10/993/02/12.11.12 | ” |
| 1998-99 | LFP6/785/05/16.6.06 | ” |
| 1999-00 | LFP8/1840/08/7.6.10 | |
| 2000-01 | LFP8/1841/08/7.6.10 | ” |
| 2001-02 | LFP13/198/05/16.12.05 | ” |
| 2002-03 | LFP8/1843/08/6.9.10 | ” |
| 2003-04 | LFP8/1843/08/6.9.10 | ” |
| 2004-05 | LFP8/1844/08/6.9.10 | ” |

| | | |
|---|---|---|
| 2005-06 | LFP8/1272/11/7.2.12 | ” |
| 2006-07 | LFP8/1290/11/ 2.2.12 | ” |
| 2007-08 | LFP8/1290/11(1)/3.2.12 | ” |
| 2008-09 | LFP8/2057/12/31.12.12 | ” |
| 2009-10 | LFP8/786/13/31.12.13 | ” |
| 2010-11 | LFP8/786/13/31.12.13 | ഫർദർ റിപ്പോർട്ട് |
| 2011-12 | LFP8/2242/14/9.4.15/6.6.15 | ” |
| 2012-13,<br>2013-14,<br>2014-15 | കെ.എസ്.എ-പി.കെ.ഡി/8-229/16<br>തീയതി-04-04-2016 | ഓഡിറ്റ് റിപ്പോർട്ട് |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# അനുബന്ധം-1 പിഴയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുകകൾ

**1. മീരാ ഫ്ലോർ കുടിവെള്ളപദ്ധതി -നെല്ലിയമ്പതി**

പ്രൊജക്റ്റ് നം : 124/15

അടങ്കൽ : 800000

പി.എ.സി : 800000

ചെലവ് : 689347

ബിൽ നം : 50/ 15-16/ 27.2.2016

കരാറുകാരൻ : ഉണ്ണികൃഷ്ണൻ

ഭരണസമിതി അംഗീകരിച്ച തീയതി : 28.11.2014

എഗ്രിമെന്റ് വെക്കേണ്ട തീയതി : 12.12.2014

എഗ്രിമെന്റ് വെച്ച തീയതി : 24.12.2014

ഈടാക്കേണ്ട പിഴ : 8000 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി പിഴ : 8000 രൂപ

**2.കടലക്കാട് അങ്കണവാടി നിർമ്മാണം- അയിലൂർ**

പ്രൊജക്റ്റ് നം : 159/ 15

അടങ്കൽ : 700000

പി.എ.സി : 699405

ചെലവ് : 700000

ബിൽ നം : 46/15-16/ 29.2.2016

കരാറുകാരൻ : എം.നാസർ

ഭരണസമിതി അംഗീകരിച്ച തീയതി : 28.11.2014

എഗ്രിമെന്റ് വെക്കേണ്ട തീയതി : 12.12.2014

എഗ്രിമെന്റ് വെച്ച തീയതി : 29.12.2014

ഈടാക്കേണ്ട പിഴ : 6994 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി പിഴ : 6994 രൂപ

**3.ഗ്യാസ് ശ്മശാനം നവീകരണം - എലവഞ്ചേരി**

പ്രൊജക്റ്റ് നം : 127/16

അടങ്കൽ : 498000

പി.എ.സി : 497681

ചെലവ് : 240531(പാർട്ട് ബിൽ )

ബിൽ നം : 97/15-16/ 31.3.2016

കരാറുകാരൻ : വിജയരാഘവൻ

ഭരണസമിതി അംഗീകരിച്ച തീയതി : 12.6.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 26.6.2015

എഗ്രിമെന്റ് വെച്ച തീയതി : 9.7.2015

ഈടാക്കേണ്ട പിഴ : 4977 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി പിഴ : 4977 രൂപ

**4.ഇടയ്ക്കാട് നായാടി കോളനി സമഗ്ര വികസനം-മേലാർക്കോട്**

പ്രൊജക്റ്റ് നം : 9/16 (SCP)

അടങ്കൽ : 500000

പി.എ.സി : 499016

ചെലവ് : 420427

ബിൽ നം : 41/15-16/ 27.1.2016

കരാറുകാരൻ : എ.സുഭാഷ്

ഭരണസമിതി അംഗീകരിച്ച തീയതി : 1.9.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 15.9.2015

എഗ്രിമെന്റ് വെച്ച തീയതി : 6.10.2015

ഈടാക്കേണ്ട പിഴ : 4990 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി പിഴ : 4990 രൂപ

**5.സി.എച്ച്.സി മെയിൻ ബിൽഡിങ്, എച്ച്.ഐ കോട്ടേജ്**

അറ്റകുറ്റപ്പണി- നെന്മാറ

പ്രൊജക്റ്റ് നം : 51/16

അടങ്കൽ : 600000

പി.എ.സി : 600000

ചെലവ് : 597896

ബിൽ നം : 107/14-15/, 62/15-16/ 26.3.2016

കരാറുകാരൻ : ആർ. ചന്ദ്രൻ

ഭരണസമിതി അംഗീകരിച്ച തീയതി : 20.11.2014

എഗ്രിമെന്റ് വെക്കേണ്ട തീയതി : 4.12.2014

എഗ്രിമെന്റ് വെച്ച തീയതി : 19.12.2014

ഈടാക്കേണ്ട പിഴ : 6000 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി പിഴ : 6000 രൂപ

**6.അകംപാടം കുടിവെള്ളപദ്ധതി- നെന്മാറ**

പ്രൊജക്റ്റ് നം : 30/16 (SCP)

അടങ്കൽ : 500000

പി.എ.സി : 499271

ചെലവ് : 412859

ബിൽ നം : 71/15-16/ 26.3.2016

കരാറുകാരൻ : വി.ദേവദാസൻ

ഭരണസമിതി അംഗീകരിച്ച തീയതി : 1.9.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 14.9.2015

എഗ്രിമെന്റ് വെച്ച തീയതി : 29.9.2015

ഈടാക്കേണ്ട പിഴ : 4993 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി പിഴ : 4993 രൂപ

**7.വീനസ് കുടിവെള്ളപദ്ധതി- നെന്മാറ**

പ്രൊജക്റ്റ് നം : 172/15, 55/16

അടങ്കൽ : 470000

പി.എ.സി : 467189

ചെലവ് : 469980 (342675 + 127305 )

ബിൽ നം : 55/15-16/ 29.2.2016

കരാറുകാരൻ : എം.കെ. മാത്യു

ടെന്റർ ഭരണസമിതി

അംഗീകരിച്ച തീയതി : 24.10.2014

എഗ്രിമെന്റ് വെക്കേണ്ട തീയതി : 08.11.2014

എഗ്രിമെന്റ് വെച്ച തീയതി : 28.11.2014

ഈടാക്കേണ്ട പിഴ : 4672 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി :4672 രൂപ

**8.എടപ്പാടം കിഴക്കേമുറി കുടിവെള്ളപദ്ധതി- അയിലൂർ**

പ്രൊജക്റ്റ് നം : 91/16

അടങ്കൽ : 700000

പി.എ.സി : 698445

ചെലവ് : 285929

ബിൽ നം : 94/15-16/31.3.2016

കരാറുകാരൻ : അബ്ദുൾ ഖാദർ

ഭരണസമിതി അംഗീകരിച്ച തീയതി : 1.9.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 15.9.2015

എഗ്രിമെന്റ് വെച്ച തീയതി : 7.1.2016

ഈടാക്കേണ്ട പിഴ : 6984 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി പിഴ : 6984 രൂപ

**9.ആലംപള്ളം കുടിവെള്ളപദ്ധതി-അയിലൂർ**

പ്രൊജക്റ്റ് നം : 88/16

അടങ്കൽ : 400000

പി.എ.സി : 398012

ചെലവ് : 396338

ബിൽ നം : 28/15-16/ 19.1.2016

കരാറുകാരൻ : അജ്മൽ

ഭരണസമിതി അംഗീകരിച്ച തീയതി : 17.6.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 1.7.2015

എഗ്രിമെന്റ് വെച്ച തീയതി : 7.7.2015

ഈടാക്കേണ്ട പിഴ : 3980 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി പിഴ : 3980 രൂപ

**10.എരികുളമ്പ് കുടിവെള്ളപദ്ധതി-പല്ലശ്ശന**

പ്രൊജക്റ്റ് നം : 123/16

അടങ്കൽ : 498500

പി.എ.സി : 498049

ചെലവ് : 246339

ബിൽ നം : 96/15-16/ 31.3.2016

കരാറുകാരൻ : ഹരിദാസ്

ഭരണസമിതി അംഗീകരിച്ച തീയതി : 17.6.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 2.7.2015

എഗ്രിമെന്റ് വെച്ച തീയതി : 17.7.2015

ഈടാക്കേണ്ട പിഴ : 4980 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി പിഴ : 4980 രൂപ

**11.കിഴക്കേമൂല റോഡ് റീട്ടെയിനിങ് വാൾ-അയിലൂർ**

പ്രൊജക്റ്റ് നം : 92/15, 44/16

അടങ്കൽ : 600000

പി.എ.സി : 600000

ചെലവ് : 598560

ബിൽ നം : 5/15-16/ 22.8.2015

കരാറുകാരൻ : വേലുക്കുട്ടി

ഭരണസമിതി അംഗീകരിച്ച തീയതി : 28.11.2014

എഗ്രിമെന്റ് വെക്കേണ്ട തീയതി : 12.12.2014

എഗ്രിമെന്റ് വെച്ച തീയതി : 29.12.2014

ഈടാക്കേണ്ട പിഴ : 6000 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി പിഴ : 6000 രൂപ

**12.പാറശ്ശേരി കോളനി കുടിവെള്ളപദ്ധതി-എലവഞ്ചരി**

പ്രൊജക്റ്റ് നം : 106/16

അടങ്കൽ : 640000

പി.എ.സി : 639240

ചെലവ് : 418961

ബിൽ നം : 91/15-16/ 31.3.2016

കരാറുകാരൻ : ജി.ജയപ്രകാശ്

ഭരണസമിതി അംഗീകരിച്ച തീയതി : 1.9.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 15.9.2015

എഗ്രിമെന്റ് വെച്ച തീയതി : 6.10.2015

ഈടാക്കേണ്ട പിഴ : 6392 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി പിഴ : 6392 രൂപ

**13.സി.എച്ച്.സി. വൃദ്ധരുടെ വാർഡ്& ഒ.പി യൂണിറ്റ്**

**വയറിങ്**

പ്രൊജക്റ്റ് നം : 132/16

അടങ്കൽ : 150000 MG (NR)

പി.എ.സി : 149747

ചെലവ് : 121530

ബിൽ നം : 25/15-16/ 11.1.2016

കരാറുകാരൻ : ജഗദീഷ് കുമാർ

ഭരണസമിതി അംഗീകരിച്ച തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി

അംഗീകരിച്ച തീയതി : 12.8.2015ലെ 6(1) നം തീരുമാനം.

എഗ്രിമെന്റ് വെക്കേണ്ട തീയതി : 3.9.2015

എഗ്രിമെന്റ് വെച്ച തീയതി : 26.9.2015

ഈടാക്കേണ്ട പിഴ : 1497 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 1497 രൂപ

**14.തത്തനടം ചെല്ലുപടി കുടിവെള്ളപദ്ധതി-വണ്ടാഴി**

പ്രൊജക്റ്റ് നം : 75/16

അടങ്കൽ : 467693

പി.എ.സി : 467693

ചെലവ് :347800

ബിൽ നം : 30/15-16/ 27.1.2016

കരാറുകാരൻ : ഫ്രാങ്ക്ളിൻ ജോസ്

ഭരണസമിതി അംഗീകരിച്ച തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി

അംഗീകരിച്ച തീയതി :12.8.2015 ലെ 6(1) നം തീരുമാനം.

എഗ്രിമെന്റ് വെക്കേണ്ട തീയതി : 26.08.2015

എഗ്രിമെന്റ് വെച്ച തീയതി : 10.9.2015

ഈടാക്കേണ്ട പിഴ : 4677 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 4677 രൂപ

**15. ഐ.ഇ.ഒ, എ.ഇ.ഇ, എസ്.സി.ഡി.ഒ ഓഫീസ്**

നവീകരണം - നെന്മാറ

പ്രൊജക്റ്റ് നം : 117/16

അടങ്കൽ : 450000

പി.എ.സി : 448820

ചെലവ് : 450000

ബിൽ നം : 60/15-16/ 26.3.2016

കരാറുകാരൻ : തങ്കപ്പൻ

ഭരണസമിതി അംഗീകരിച്ച നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി

അംഗീകരിച്ച തീയതി : 16.6.2015ലെ 2-ാം നം തീരുമാനം.

എഗ്രിമെന്റ് വെക്കേണ്ട തീയതി : 30.06.2015

എഗ്രിമെന്റ് വെച്ച തീയതി : 9.7.2015

ഈടാക്കേണ്ട പിഴ : 4488 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി :4488 രൂപ

**16.സി.എച്ച്.സി ലേബർ വാർഡ് പി.പി യൂണിറ്റ്**

വയറിങ്-

പ്രൊജക്റ്റ് നം : 131/16

അടങ്കൽ : 110951

പി.എ.സി : 110951

ചെലവ് : 105026

ബിൽ നം : 24/15-16/ 11.1.2016

കരാറുകാരൻ : യാസിൻ അലിഖാൻ

ഭരണസമിതി അംഗീകരിച്ച തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി

അംഗീകരിച്ച തീയതി : 12.8.2016 ലെ 6(1) നം തീരുമാനം.

എഗ്രിമെന്റ് വെക്കേണ്ട തീയതി : 26.08.2015

എഗ്രിമെന്റ് വെച്ച തീയതി : 26.9.2015

ഈടാക്കേണ്ട പിഴ : 1110 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 1110 രൂപ

പിഴയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക 80734 രൂപ (8000+6994+4977+4990+6000+4993+4672+6984+ 3980+4980+ 6000+6392+1497+4677+4488+1110).

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.